**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 248** **16-09-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഗവൺമെന്റ് ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിശദാംശം നൽകാമോ; പ്രസ്തുത സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നത് എന്നുമുതലാണെന്ന് വ്യക്തമാക്കാമോ; | (എ) | **സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് 1961 ലാണ് ഒരു സർക്കാർ ഉത്തരവിറങ്ങിയിട്ടുള്ളത്. പിന്നീട് കാലാനുസൃതമായ നിരവധി പരിഷ്കാരങ്ങൾ ആരോഗ്യ മേഖലയിൽ സർക്കാർ വരുത്തിയിട്ടുണ്ട്. 1983-ൽ മെഡിക്കൽ വിദ്യാഭ്യാസം പ്രത്യേക വകുപ്പായി രൂപീകരിക്കപ്പെട്ടു. ഇന്ന് ആരോഗ്യ മേഖലയിലെ തസ്തികകളിലും ഉത്തരവാദിത്തങ്ങളിലും വലിയ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്.**<br><br>**സംസ്ഥാനത്ത് നവകേരള കർമ്മ പദ്ധതി- ആർദ്രം മിഷൻ നടപ്പിലാക്കാൻ തുടങ്ങിയത് മുതൽ ആർദ്രം ദൗത്യരേഖ മാനദണ്ഡമായി സ്വീകരിച്ചുകൊണ്ട് ആരോഗ്യ സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ ഘട്ടം ഘട്ടമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ഉൾപ്പെടെ ആരോഗ്യ മേഖലയെ ശാക്തീകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കാലാകാലങ്ങളിൽ മാറ്റമുണ്ടാകുന്ന എൻ.എം.സി മാനദണ്ഡങ്ങൾക്കനുസൃതമായി മെഡിക്കൽ കോളേജിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് വരുന്നുണ്ട്. ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിന്റെയും അപ്ഗ്രഡേഷന്റെയും ഭാഗമായി ആരോഗ്യ വകുപ്പിന് കീഴിൽ ആകെ 4330 തസ്തികകളും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളുടെ അക്കാഡമിക നിലവാരം ഉയർത്താനും അതോടൊപ്പം തന്നെ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഒരുക്കുന്നതിനുമായി 2016 മുതൽ നാളിതുവരെ 4643 തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.**<br><br>**പി.എസ്.സി വഴിയുള്ള നിയമനം കൂടാതെ ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം), ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/ എച്ച്.ഡി.സി /എച്ച്.ഡി.എസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, KASP,** |

| | | | |
|---|---|---|---|
| | | | **എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, അഡ്ഹോക്ക് വ്യവസ്ഥ തുടങ്ങിയവ മുഖേനയും ആരോഗ്യ പ്രവർത്തകരെ ആശുപത്രികളിൽ നിയമിക്കുന്നുണ്ട്.** |
| (ബി) | ജീവിതശൈലീ രോഗങ്ങളാൽ രോഗികളുടെ എണ്ണം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ ചികിത്സിക്കുന്ന ഡോക്ടർമാരും ചികിത്സക്കെത്തുന്ന രോഗികളും നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് നിലവിലെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |
| (സി) | തീരദേശ മണ്ഡലമായ വൈപ്പിൻ കരയിൽ കിടത്തി ചികിത്സയുണ്ടായിരുന്ന മുനമ്പം സാമൂഹികാരോഗ്യ കേന്ദ്രത്തിലും ഞാറയ്ക്കൽ താലൂക്ക് ആശുപത്രിയിലും മാലിപ്പുറം കുടുംബാരോഗ്യ കേന്ദ്രത്തിലും രോഗികളുടെ വർദ്ധനവും ഡോക്ടർമാരുടെ കുറവും മൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (സി) | ഈ സ്ഥാപനങ്ങളിൽ നിലവിലുള്ള ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് പുറമേ എൻ.എച്ച്.എം/ എൽ.എസ് .ജി ഡി മുഖേനയും അധികമായി ജീവനക്കാരെ നിയമിച്ച് രോഗികൾക്ക് മികച്ച സേവനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ